**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4413** **06-03-2023 - ൽ മറുപടിയ്ക്ക്**

**പി.എം.ഇ.ജി.പി. പ്രകാരം സംരംഭങ്ങൾക്ക് ലഭിച്ച സഹായം.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പി.എം.ഇ.ജി.പി. പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ കേരളത്തിലെ എത്ര സംരംഭങ്ങൾക്ക് സഹായം നൽകിയിട്ടുണ്ട്; ഈ ഇനത്തിൽ വകയിരുത്തിയ ആകെ തുക എത്രയാണ്; പ്രസ്തുത തുകയിൽ കേന്ദ്ര സർക്കാർ വിഹിതം എത്രയെന്നും സംസ്ഥാന സർക്കാർ വിഹിതം എത്രയെന്നും ഈ ഇനത്തിൽ നാളിതുവരെ ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ? | (എ) | പദ്ധതി വിഹിതം പൂർണ്ണമായും കേന്ദ്ര സർക്കാർ നിർവ്വഹിച്ചുകൊണ്ട് സംസ്ഥാനത്തെ നിർവ്വഹണ ഏജൻസികൾ മുഖേന നടപ്പിലാക്കി വരുന്നതാണ് പി.എം.ഇ.ജി.പി. പദ്ധതി. പി.എം.ഇ.ജി.പി. ഓൺലൈൻ പോർട്ടലിലെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് എല്ലാ നിർവഹണ ഏജൻസികളിലുമായി പി.എം.ഇ.ജി.പി. പദ്ധതി പ്രകാരം നടപ്പ് സാമ്പത്തിക വർഷത്തിൽ 2084 സംരംഭങ്ങൾക്ക് സഹായം നൽകിയിട്ടുണ്ട്. ഈ ഇനത്തിൽ നാളിതുവരെ 4927.39 ലക്ഷംരൂപ മാർജിൻ മണി സബ്സിഡി ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ